# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1473** | **14.06.2013-ൽ മറുപടിക്ക്**

## 'നീര' ഉല്പാദനതൊഴിലാളികളുടെ ആശങ്കകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.അജിത്. | **ശ്രീ.കെ.പി.മോഹനൻ**<br>(കൃഷിയും, മൃഗസംരക്ഷണവും, അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) 'നീര' ഉല്പാദനം സംബന്ധിച്ച് സർക്കാരിന്റെ നയം വ്യക്തമാക്കുമോ; | എ) നീരയുടെ ഉല്പാദനവും വിതരണവും സംബന്ധിച്ച് പഠനം നടത്തുന്നതിന് 15/01/2013-ലെ ജി.ഒ.(ആർ.റ്റി)38/2013/റ്റി.ഡി., 14/03/2013-ലെ ജി.ഒ.(ആർ.റ്റി.)221/2013/റ്റി.ഡി. എന്നീ ഉത്തരവുകൾ പ്രകാരം എക്സൈസ് കമ്മീഷണർ ചെയർമാനായി ഒരു ഉന്നതതല കമ്മിറ്റി സംഘടിപ്പിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ പഠന റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടെങ്കിലും ഈ വിഷയത്തിൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. |
| ബി) ഇത് സംബന്ധിച്ച് ചെത്തു തൊഴിലാളികളുടെ ആശങ്കകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യം തൊഴിലാളി സംഘടനകളുമായി ചർച്ച ചെയ്തിട്ടുണ്ടോ; | ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിവിധ ചെത്തു തൊഴിലാളി സംഘടനാ പ്രതിനിധികളെക്കൂടി ഉൾക്കൊള്ളിച്ചുകൊണ്ടാണ് പ്രസ്തുത ഉന്നതതല കമ്മിറ്റി രൂപീകരിച്ചിട്ടുള്ളത്. |
| സി) തൊഴിലാളി സംഘടനകൾ ഉന്നയിച്ച വിഷയങ്ങളിൽ സർക്കാർ എന്തു നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ? | സി) തൊഴിലാളി സംഘടനകൾ ഉന്നയിച്ച വിഷയങ്ങൾ കൂടി ഗൗരവമായി പരിഗണിച്ചായിരിക്കും ഇക്കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളുന്നത്. |

സെക്ഷൻ ഓഫീസർ